5/3/22

9/3/22


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 237*(7)/2015*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1568**/*എസ്.ഐ.സി-ജി 6/2015)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ.സലിൽ പ്രഭ,<br>S/o പ്രഭാകരൻ,<br>സിതാര ഹൗസ്, അത്തോളി പി.ഒ.,<br>കോഴിക്കോട് – 673 315. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം),<br>കോഴിക്കോട്.<br><br>2. അപ്പീൽ അധികാരി&<br>ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ,<br>ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം),<br>കോഴിക്കോട്. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.10.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.12.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.01.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 31.01.2015 |
| ഹിയറിംഗ് നടന്ന തീയതി | 04.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സലിൽ പ്രഭ, 29.01.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 31.01.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.237(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച അപേക്ഷയ്ക്ക് കളവായ മറുപടിയാണ് ലഭിച്ചതെന്നും ഇപ്രകാരം മറുപടി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാന് ശരിയായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 16.10.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൻ അത്തോളി ഗ്രാമപഞ്ചായത്തിൽ ARD No.142 ആയി റേഷൻ കട നടത്തി വരുന്നുവെന്നും പ്രസ്തുത റേഷൻ കടയോട് തൊട്ട് ചേർന്നുള്ള കടയിൽ പുതുതായി ഒരു ഇറച്ചി കട ആരംഭിച്ചിരുന്നുവെന്നും പ്രസ്തുത ഇറച്ചി കടയുടെ അനുമതിയുമായി ബന്ധപ്പെട്ട് ടിയാൻ ജില്ലാ മെഡിക്കൽ ഓഫീസ് മുമ്പാകെ നൽകിയ പരാതിയുമായി ബന്ധപ്പെട്ട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും വല്ല നിർദ്ദേശമോ അന്വേഷണ റിപ്പോർട്ടുകളോ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും പ്രസ്തുത ഇറച്ചി കടയുടെ അനുമതിയുമായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും എന്തെങ്കിലും നിർദ്ദേശമോ റിപ്പോർട്ടുകളോ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് അത്തോളി ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർക്ക്/ഹെൽത്ത് വിഭാഗത്തിന് അയച്ചു കൊടുത്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ റഫറൻസ് നമ്പറും തീയതിയും നൽകണമെന്നും 2014 ലെ വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നുമാണ്.

ആയതിന് 23.12.2014ന് നൽകിയ മറുപടിയിൽ ടി വിഷയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശമോ റിപ്പോട്ടുകളോ ലഭിച്ചിട്ടില്ലെന്നാണ് അറിയി

ച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 09.12.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഇറച്ചിക്കടയുടെ അനുമതിയുമായി ബന്ധപ്പെട്ട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും നിർദ്ദേശമോ റിപ്പോർട്ടുകളോ ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർ/ഹെൽപ്പ് വിഭാഗത്തിന് ആയത് അയച്ചുകൊടുക്കാൻ കഴിയില്ലെന്നും ടി ഓഫീസിൽ മേൽ തീയതിവരെ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമല്ലെന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് കളവായ മറുപടിയാണ് നൽകിയതെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള പരാതി. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമായതായി കമ്മീഷനു ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION THIRUVANANTHAPURAM